(സി) പൊതുജനങ്ങൾക്ക് സ്വയം നഴ്സറികൾ ഉണ്ടാക്കുന്നതിനുള്ള സഹായ സഹകരണങ്ങൾ നൽകുക, സന്നദ്ധസംഘടനകൾക്കും, കൃഷിക്കാർക്കും മറ്റും ആവശ്യമായ പരിശീലനം നൽകുക, ഗവേഷണ പ്രവർത്തനങ്ങൾ നടത്തുക, വന വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടത്തുക, തടി വിഭവങ്ങളിൽ സ്വയം പര്യാപ്തത നേടുന്നതിനും, കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുക, വിറകുൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനും തദ്വാര, വനവിഭവങ്ങളുടെ ചൂഷണം കുറയ്ക്കുന്നതിലേയ്ക്കുമായി സർക്കാർ വക തരിശു ഭൂമികളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കോമ്പൗണ്ടുകളിലും, റെയിൽവേ, കനാൽ റോഡ്സൈഡുകളിലും വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുക, കാറ്റ്, വെള്ളപ്പൊക്കം, മണ്ണൊലിപ്പ് തുടങ്ങിയ പരിസ്ഥിതിക പ്രശ്നങ്ങൾ തടയുന്നതിലേയ്ക്കായി തീരദേശങ്ങളിലും മറ്റും മരങ്ങൾ വച്ചുപിടിപ്പിക്കുക, ആദിവാസികൾക്കുവേണ്ടി സ്പെഷ്യൽ പ്ലാന്റേഷൻ സ്കീമുകൾ നടപ്പിലാക്കുക, ഇതിനെല്ലാമുപരി ജനങ്ങളിൽ വൃക്ഷസ്നേഹം വളർത്തുക തുടങ്ങിയവയാണ് സാമൂഹ്യ വനവൽക്കരണത്തിന്റെ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ.

(ഡി) വനവിജ്ഞാന കേന്ദ്രങ്ങൾ പതിനാല് ജില്ലകളിലും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.

(ഇ) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

വനഗവേഷണ വിഭാഗത്തിന്റെ ജോലികൾ

106 [2973] ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്:

" കെ. കുട്ടി അഹമ്മദ് കുട്ടി:

" ഇസ്ഹാക് കുരിക്കൾ:

" കളത്തിൽ അബ്ദുള്ള:

" ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഗവേഷണ വിഭാഗം ഏതെല്ലാം ജോലികളാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഗവേഷണഫലമായി ഈ മേഖലയ്ക്കുണ്ടായ നേട്ടങ്ങൾ വിശദമാക്കുമോ;

(സി) ഈ വിഭാഗത്തിൽ എത്രപേർ ജോലി ചെയ്യുന്നുണ്ട്;

(ഡി) ഇതിനുവേണ്ടി കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തുക ചെലവഴിച്ചെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പീച്ചിയിലെ കേരള വനഗവേഷണ കേന്ദ്രം നടത്തുന്ന ജോലികളെ സംബന്ധിച്ച വിശദവിവരം അനുബന്ധം I ആയി ചേർത്തിരിക്കുന്നു.†

(ബി) വിശദാംശം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.†

(സി) 146 പേർ.

(ഡി) 578.95 ലക്ഷം രൂപ.

വനം കൊള്ളയുമായി ബന്ധപ്പെട്ട കേസുകൾ

107 [2977] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്താകെ വനംകൊള്ളയുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര കേസുകളിൽ അന്തിമ അന്വേഷണ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ഫോറസ്റ്റർ, ഫോറസ്റ്റ് ഗാർഡ്, വാച്ചർ എന്നിങ്ങനെ താഴെ തട്ടിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്നും അവരുടെ നിയന്ത്രണത്തിന് അതീതമായ കാരണങ്ങളാൽ നടക്കുന്ന വനംകൊള്ളകളിൻമേൽ ഉണ്ടായ നഷ്ടം അശാസ്ത്രീയമായ രീതിയിൽ ശമ്പളത്തിൽ നിന്നും തിരിച്ചുപിടിക്കുന്ന നടപടി പുനരാലോചനയ്ക്ക് വിധേയമാക്കുമോ; ഇങ്ങനെ തിരിച്ചു പിടിക്കൽ നടത്തുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ;

(ഡി) ഫോറസ്റ്റർ, ഫോറസ്റ്റ് ഗാർഡ്, വാച്ചർ, തുടങ്ങിയ വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥർക്ക് കാർട്ടേഴ്സും, ആയുധങ്ങളും ശാസ്ത്രീയ പരിശീലനവും നൽകി അവരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) മൊത്തം 7675 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

തിരുവനന്തപുരം	..	30
കൊല്ലം	..	402
പത്തനംതിട്ട	..	438
കോട്ടയം	..	286
ഇടുക്കി	..	2960

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly